പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2014

12.02.2013-ൽ മറുപടിക്ക്

## മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണം

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | നിർമ്മാണം പൂർത്തിയാകാത്ത മുതലപ്പൊഴി തുറമുഖത്തിനടുത്തുളള താഴമ്പളളി, പൂത്തുറ, പെരുമാതുറ, പുതുക്കുറിച്ചി പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതിന് വളരെയേറെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അവ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ; | (ബി) | ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന മണ്ണ് വീണ് ലാന്റിംഗ് സെന്ററിന്റെ ആഴം കുറഞ്ഞതിനാൽ മത്സ്യബന്ധനയാനങ്ങൾക്കും വലകൾക്കും നാശനഷ്ടം സംഭവിച്ചതായി മത്സ്യത്തൊഴിലാളികൾ കടലോര ജാഗ്രതാ സമിതിയിൽ പരാതി ഉന്നയിച്ചിട്ടുണ്ട്. പെരുമാതുറ, പുതുക്കുറിച്ചി മേഖലയിലെ ജനപ്രതിനിധികളായ ശ്രീമതി.കെ.റഷീദ, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ 24.09.11 ന് നൽകിയ അപേക്ഷയിൽ പെരുമാതുറ, പുതുക്കുറിച്ചി മേഖലയിലെ കടലിൽ നങ്കൂരമിട്ടിരുന്ന ഒരു വളളവും അതിലെ വലയും മറ്റ് ഉപകരണങ്ങളും പെട്ടെന്നുണ്ടായ കടൽ ഓളങ്ങളിൽപ്പെട്ട് താഴ്ന്ന പോയതായും അത് എടുക്കുന്നതിന് വേണ്ട ശ്രമങ്ങൾ പരാജയപ്പെട്ടതായും അറിയിച്ചിരുന്നു. താങ്കൾ 04.11.11 ന് നല്കിയ നിവേദനത്തിൽ പുതുക്കുറിച്ചി മേഖലയിൽ ഒരു താങ്ങുവല കടലോളങ്ങളിൽപ്പെട്ട് താഴ്ന്നപോയതായി അറിയിച്ചിരുന്നു. കൂടാതെ സഫീർ, വാറുവിളാകം, പെരുമാതുറ എന്നയാളുടെ താങ്ങു വലയും വളളവും കാറ്റിലും കോളിലുംപെട്ട് നശിച്ചതായി ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പ്രദേശങ്ങളിൽ നിന്നും മത്സ്യബന്ധനത്തിന് ഉപയോഗിച്ച താങ്ങുവല, വള്ളങ്ങൾ എന്നിവ തുറമുഖത്തിനുവേണ്ടി നിർമ്മിച്ച പുലിമുട്ടിൽ തട്ടി തകർന്നുപോയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടുവെന്ന് വ്യക്തമാക്കാമോ; | (സി) | പുലിമുട്ടിൽ തട്ടി നാശനഷ്ടങ്ങൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇപ്രകാരം നശിച്ചുപോയ താങ്ങുവലകൾക്കും, വള്ളങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നഷ്ടപരിഹാരം ആവശ്യപ്പെട്ടു കൊണ്ട് എത്ര അപേക്ഷകൾ ഈ പ്രദേശങ്ങളിൽ നിന്നും ലഭിച്ചുവെന്നും ആരുടെയൊക്കെ അപേക്ഷകളായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | അപേക്ഷകരിൽ ആർക്കൊക്കെ ധനസഹായം നൽകിയെന്നും ധനസഹായം നൽകാത്ത അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കുമോ? | (ഇ) | ബാധകമല്ല. |

Jayasree

സെക്ഷൻ ഓഫീസർ